**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 588 04.02.2020-ലെ മറുപടിയ്ക്ക്

## സമഗ്ര കായികനയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്ജ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും<br>വകുപ്പ് മന്ത്രി | |
| (എ) | കായിക മത്സരങ്ങളിൽ അത്‌ലറ്റിക് ഇനങ്ങളിൽ മികവു തെളിയിച്ച കേരളത്തിന് മറ്റിനങ്ങളിലും മികച്ച പുരോഗതി കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ; | (എ) | അത്‌ലറ്റിക്സ് ഉൾപ്പെടെ വിവിധ കായിക ഇനങ്ങളിൽ മികച്ച നേട്ടം കൈവരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**<u>ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി</u>**<br>2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".<br>ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.<br>**<u>എലൈറ്റ് സ്കീം</u>**<br>മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള |

കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു.

**<u>കായികക്ഷമത മിഷൻ</u>**

ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും യുവതിയുവാക്കളിലും കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യഥാർത്ഥ്യം ഉൾക്കൊണ്ട് കൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത, കൈവരിക്കുന്നതിനു വേണ്ടി കേരള സാക്ഷരത മിഷൻ പ്രവൃത്തിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമതാ മിഷൻ". സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**

ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുന്നതിന് സഹായകരമായി കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേക്ക് കൂടി നടപ്പ് സാമ്പത്തിക വർഷം വ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>**<u>സ്പ്ലാഷ്</u>**<br>ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സ് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.<br>**<u>ഹൂപ്സ്</u>**<br>വിദ്യാർത്ഥികൾക്ക് ലോക നിലവാരമുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.<br>**<u>സ്പ്രിന്റ്- ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം</u>**<br>ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി |

| | | | |
|---|---|---|---|
| | | | പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.<br>**പ്ലേ ഫോർ ഹെൽത്ത്**<br>കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.<br>**പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി.**<br>ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തയ്ക്കോണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000/- കുട്ടികൾക്കാണ് ഒരു അക്കാദമിക് വർഷം പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.<br>**ബീച്ച് ഗെയിംസ്**<br>തീരദേശ കായിക സംസ്കാരവും വിനോദസഞ്ചാരമേഖലയിലെ പുത്തൻ സാധ്യതകളും മുൻനിർത്തി കേരളത്തിന്റെ കടലോരമേഖലയിലെ കായിക വികസനത്തിന് ഉണർവ്വ് നൽകുന്നതിനുമായി ടൂറിസം, ഫിഷറീസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ബീച്ച് ഗെയിംസ്. വിവിധ ജില്ലകളിലെ കായികതാരങ്ങൾ, മത്സ്യത്തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർ ഗുണഭോക്താക്കളാകുന്ന പരിപാടിയുടെ ജില്ലാതല മത്സരങ്ങൾ 2019 |

| | | | |
|---|---|---|---|
| | | | നവംബർ, ഡിസംബർ, 2020 ജനുവരി മാസങ്ങളിലായി സംഘടിപ്പിച്ചു. സംസ്ഥാനതല മത്സരങ്ങൾ ഫെബ്രുവരി-മാർച്ച് മാസങ്ങളിലായി കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>**ഷൂട്ടിംഗ് അക്കാഡമി**<br>35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഷൂട്ടിംഗ് താരങ്ങൾക്ക് പരിശീലനത്തിനും ദേശീയ അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനും ഈ ഷൂട്ടിംഗ് റേഞ്ചിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.<br>**സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ**<br>ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 8 സ്ഥലങ്ങളിൽ ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 9 സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നതാണ്. |
| (ബി) | ഒരു സമഗ്ര കായികനയം രൂപീകരിച്ച് നടപ്പിലാക്കി മികച്ച കായിക താരങ്ങളെ കണ്ടെത്തി പ്രത്യേക പരിശീലനമടക്കം നൽകി മുൻനിരയിൽ കൊണ്ടുവരുന്നതിന് തയ്യാറാകുമോ;വ്യക്തമാക്കുമോ; | (ബി) | സമഗ്ര കായിക നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പരിശീലന കാര്യങ്ങളിൽ, വിവിധ ഇനങ്ങളിൽ കഴിവു തെളിയിച്ച മുൻ ഇന്ത്യൻ താരങ്ങളുടെ സേവനം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (സി) | പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**